# ഗതാഗത നിയന്ത്രണം

സി.ഐ.ടി.യു ജനറൽ കൌൺസിൽ മീറ്റിംഗിനോടനുബന്ധിച്ച് 26.03.2018 തിയ്യതി ബീച്ചിൽ റാലി നടക്കുന്നതിനാൽ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.

തെക്ക് ഭാഗത്തു നിന്നും വരുന്ന ലോറികൾ രാമനാട്ടുകര ജംഗ്ഷനിൽ നിന്നും തൊണ്ടയാട് ബൈപ്പാസ് വഴിയും വടക്ക് ഭാഗത്തു നിന്നും വരുന്ന ലോറികൾ വെങ്ങളം ഭാഗത്തു നിന്നും തിരിഞ്ഞ് പൂളാടിക്കുന്ന് ബൈപ്പാസ് റോഡ് വഴിയും പോകേണ്ടതാണ്. 26.03.2018 തിയ്യതി ഉച്ച കഴിഞ്ഞ് 2 മണി മുതൽ സമ്മേളനം കഴിയും വരെ ബീച്ച് വഴി ലോറികൾക്ക് പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. കൂടാതെ റാലിയിൽ പങ്കെടുക്കുന്ന പ്രവർത്തകരെയും കൊണ്ട് വരുന്ന വാഹനങ്ങൾ താഴെ പറയുന്ന റൂട്ടിലൂടെ വരേണ്ടതാണ്.

വടക്ക്-കൊയിലാണ്ടി-എലത്തൂർ ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ പുതിയാപ്പ ബീച്ച് റോഡ് വഴി ഗാന്ധി റോഡ് ജംഗ്ഷനിൽ ആളെ ഇറക്കി ബീച്ചിൻെറ വടക്ക് ഭാഗം വാഹനം പാർക്ക് ചെയ്യേണ്ടതാണ്.

അത്തോളി-പാവങ്ങാട് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ ചുങ്കം-ഭട്ട് റോഡ് വഴി ഗാന്ധിറോഡ് ജംഗ്ഷനിൽ ആളെ ഇറക്കി ബീച്ചിൻെറ വടക്ക് ഭാഗത്തു വാഹനം പാർക്ക് ചെയ്യണം.

മലാപ്പറമ്പ്-ബാലുശ്ശേരി-താമരശ്ശേരി ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ ക്രിസ്ത്യൻ കോളേജ് ജംഗ്ഷൻ വഴി ഗാന്ധി റോഡ് ജംഗ്ഷനിൽ ആളെ ഇറക്കി വാഹനം ബീച്ചിൻെറ വടക്ക് ഭാഗത്തു പാർക്ക് ചെയ്യണം.

മെഡിക്കൽ കോളേജ് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ മാവൂർ റോഡിലൂടെ സി.എച്ച്. ഫ്ലൈഓവർ വഴി ബീച്ച് ഹോസ്പിറ്റലിലിന് മുൻവശം ആളെ ഇറക്കി വാഹനങ്ങൾ കോതി ബീച്ചിൽ പാർക്ക് ചെയ്യണം.

ഫറോക്ക് – പുഷ്പ ജംഗ്ഷൻ വഴി തെക്ക് ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ എ.കെ.ജി ഫ്ലൈഓവർ വഴി രക്തസാക്ഷി മണ്ഡപത്തിന് സമീപം ആളെ ഇറക്കി കോതി ബീച്ചിൽ വാഹനങ്ങൾ പാർക്ക് ചെയ്യണം.